## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3105 11.12.2014-ൽ മറുപടിയ്ക്ക്

**എളങ്കുന്നപ്പുഴ വില്ലേജിലെ താമസക്കാർക്ക് പട്ടയം**

ചോദ്യം
ശ്രീ.എസ്.ശർമ്മ

മറുപടി
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്ന എളങ്കുന്നപ്പുഴ വില്ലേജിലെ താമസക്കാർക്ക് പട്ടയം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | പുറമ്പോക്ക് ഭൂമി കൈവശം വച്ച് വീട് വച്ച് താമസിക്കുന്നവർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരമുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതം ഭൂമി പതിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടയം അനുവദിച്ചു കിട്ടുന്നതിന് എളങ്കുന്നപ്പുഴ വില്ലേജിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | 68 അപേക്ഷകൾ |
| (സി) | പട്ടയം അനുവദിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദീകരിക്കാമോ; | (സി) & (ഡി) പ്രസ്തുത അപേക്ഷകളിൽ കൂടുതലും തീരദേശ പരിപാലന നിയമത്തിൽ അനുശാസിക്കുന്ന പരിധിയിൽ വരുന്നവയായതിനാലാണ് കാലതാമസം നേരിടുന്നത്. |
| (ഡി) | കടലും കായലും അതിർത്തികൾ നിശ്ചയിക്കുന്ന ദ്വീപ് എന്നത് കണക്കിലെടുത്തും, വർഷങ്ങളായി സ്ഥിരതാമസമാണെന്ന വസ്തുത പരിഗണിച്ചും പട്ടയം ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ ; വിശദാംശം ലഭ്യമാക്കുമോ ? | |

C.K.V.Kumar
സെക്ഷൻ ഓഫീസർ